**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3839** **15-07-2022 - ൽ മറുപടിയ്ക്ക്**

**കോക്ലിയാർ ഇമ്പ്ലാൻറ് ശസ്ത്രക്രിയ ചെയ്തിട്ടുള്ളവരുടെ ശ്രവണ സഹായ ഉപകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശ്രുതി മധുരം / കാതോരം / ഐ.എഫ്. എം.എ. പദ്ധതികൾ പ്രകാരം കേൾവി /സംസാരശേഷി ഇല്ലാത്ത കുട്ടികൾക്ക് കോക്ലീയർ ഇമ്പ്ലാൻറ് ശസ്ത്രക്രിയ ചെയ്തിട്ടുള്ളവരുടെ ശ്രവണ സഹായ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചതിനെ തുടർന്ന് ഉപയോഗിക്കുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിന് എന്ത് പരിഹാരനടപടികളാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്തുമോ; | (എ) | ശ്രുതി മധുരം/കാതോരം പദ്ധതികൾ പ്രകാരം കേൾവി/ സംസാരശേഷി ഇല്ലാത്ത കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റ് ശസ്ത്രക്രിയ ചെയ്തിട്ടുള്ളവരുടെ ശ്രവണ സഹായ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചതിനെ തുടർന്നു ഉപയോഗിക്കുവാൻ കഴിയാത്തതു ശ്രദ്ധയിൽ പെടുകയും, 14/02/2020 തീയതിയിലെ സ.ഉ (സാധാ) നം. 79/2020/ സാനീവ. പ്രകാരം കോക്ലിയാർ ഇംപ്ലാന്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ് പദ്ധതി 2020 മാർച്ച് മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു.<br><br>സർക്കാർ ജീവനക്കാരുടെ കേൾവിശേഷി ഇല്ലാത്ത കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റ് ശസ്ത്രക്രിയ ചെയ്തിട്ടുള്ളവരുടെ ശ്രവണ സഹായ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ KGSMA Rule 1960 പ്രകാരം പൂർണ്ണമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് IFMA അനുവദിച്ച് വരുന്നു. |
| (ബി) | ശ്രവണ സഹായ ഉപകരണങ്ങളുടെ ഗുണമേന്മയുടെ അഭാവം കൊണ്ടാണോ കേടുപാടുകൾ സംഭവിച്ചതെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | (ബി) | ശ്രവണ സഹായ ഉപകരണങ്ങളുടെ ഗുണമേന്മയുടെ അഭാവം കാരണമാണെന്ന് കരുതുന്നില്ല. എല്ലാ ഇലക്ട്രോണിക് ഉപകരണങ്ങൾ പോലെയും കോക്ലിയാർ ഇംപ്ലാന്റുകൾക്കും സ്ഥിരമായ ഉപയോഗം മൂലം സ്വാഭാവികമായ കേടുപാടുകൾ സംഭവിക്കുകയും, വാറന്റി തീർന്നതിനാലും, വ്യത്യസ്ത ഉപയോഗ രീതികൾ കാരണത്താലും, കാലാവസ്ഥാ വ്യതിയാനങ്ങൾ മൂലവും ആണ് കേടുപാടുകൾ സംഭവിച്ചു വരുന്നത്. |
| (സി) | സർക്കാർ സഹായത്താൽ ശസ്ത്രക്രിയ ചെയ്തവർക്ക് ശ്രവണ സഹായ ഉപകരണങ്ങൾ വിതരണം | (സി) | സർക്കാർ സഹായത്താൽ സർജറി ചെയ്തവർക്ക് ശ്രവണ സഹായ ഉപകരണങ്ങൾ വിതരണം |

| | | | |
|---|---|---|---|
| | ചെയ്യുന്ന കമ്പനികൾ അവരുടെ നിർമ്മാണവും വിതരണവും നിർത്തിയത് കാരണം ഗുണഭോക്താക്കൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്ത് നടപടി ആണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | | ചെയ്യുന്ന കമ്പനികൾ അവരുടെ നിർമ്മാണവും വിതരണവും നിർത്തിയതിനാൽ ഇത്തരത്തിലുള്ളവർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ധ്വനി പദ്ധതിയിൽ ഉൾപ്പെടുത്തി സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയ്ക്ക് താഴെയുള്ള ,25 വയസ്സ് വരെ പ്രായമുള്ള സ്പീച്ച് പ്രോസസ്സർ obsolete ആയവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുക. |
| (ഡി) | ഐ.എഫ്.എം.എ. പ്രകാരം സർജറി ചെയ്തിട്ടുള്ളവരുടെ ഇമ്പ്ലാൻറ് ഒഴികെ ബാഹ്യമായി ഘടിപ്പിക്കുന്ന ശ്രവണ സഹായ ഉപകരണങ്ങൾ കേടായതുകാരണം ഉണ്ടായ പ്രയാസം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വെളിപ്പെടുത്തുമോ; | (ഡി) | 25.02.2022 തീയതിയിലെ G.O.(MS)No. 46/2022/H&FWD പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയോടനുബന്ധിച്ച് ഘടിപ്പിക്കുന്ന ശ്രവണ സഹായിയുടെ വാർഷിക മെയിന്റനൻസിനു ചെലവാകുന്ന തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ/ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിക്കുന്ന മുഴുവൻ തുകയും പ്രതിപൂരണം ചെയ്തു നൽകുന്നതിനുള്ള ഉത്തരവ് ആരോഗ്യ വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | കേടാകുന്ന ശ്രവണസഹായികൾക്ക് പകരം പൊതുവിപണിയിൽ നിന്നും ഇത്തരം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അനുമതിയും ആയത് അർഹതയുള്ളവർക്ക് മെഡിക്കൽ റീംബേഴ്സ്മെന്റ് ആയി അനുവദിയ്ക്കുന്നതിനുമുള്ള ഉത്തരവ് പുറപ്പെടുവിക്കുമോ; വ്യക്തമാക്കുമോ ? | (ഇ) | 25.02.2022 തീയതിയിലെ G.O.(MS)No. 46/2022/H&FWD പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയോടനുബന്ധിച്ച് ഘടിപ്പിക്കുന്ന ശ്രവണ സഹായിയുടെ വാർഷിക മെയിന്റനൻസിനു ചെലവാകുന്ന തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ/ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിക്കുന്ന മുഴുവൻ തുകയും പ്രതിപൂരണം ചെയ്തു നൽകുന്നതിനുള്ള ഉത്തരവ് ആരോഗ്യ വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ